Draft #5 of File D4/51422/22/DTE Approved by Director (in-charge) on 05-Dec-2023 11:04 AM - Page 1

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**
dtekerala@gmail.com
04712561307

**നടപടിക്രമം**

വിദ്യാഭ്യാസം -സാങ്കേതിക.-സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് - പർച്ചേസ് സെക്ഷൻ- പെരിന്തൽമണ്ണ പോളി ടെക്നിക് കോളേജിലെ ഓഫീസ് റൂമിൻറെ സീലിങ് പ്രവർത്തികൾ ചെയ്യുന്നതിനായി പുതുക്കിയ ഭരണാനുമതി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പർച്ചേസ് (എ) വിഭാഗം

നം: D4/51422/22/ഡി.ടി.ഇ തിരുവനന്തപുരം , തീയതി: 05.12.2023

---

വായന:- 1.18/07/2023 ലെ ഈ കാര്യാലയത്തിലെ നടപടിക്രമം നം.D4/23367/18/DTE

2.14/12/2022 ലെ പെരിന്തൽമണ്ണ പോളിടെക്നിക് കോളേജിലെ പ്രിൻസിപ്പലിന്റെ കത്ത് നം. ബി2/675/2018.

3.പെരിന്തൽമണ്ണ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം അസിസ്റ്റൻറ് എഞ്ചിനീയരുടെ എസ്റ്റിമേറ്റ് നം.PWD/BLDG/EST/12902/2022_5_1_1.

**ഉത്തരവ്**

പെരിന്തൽമണ്ണ പോളിടെക്നിക് കോളേജിലെ ഓഫീസ് റൂമിൻറെ സീലിങ് പ്രവർത്തികൾ ചെയ്യുന്നതിനായി **1,15,000/-** (**ഒരു ലക്ഷത്തി പതിനയ്യായിരം രൂപ** ) രൂപയുടെ പ്രൊപ്പോസലിനു വായന (1) പ്രകാരം ഈ കാര്യാലയത്തിൽ നിന്നും ഭരണാനുമതി അനുവദിച്ച് ഉത്തരവായിരുന്നു.

സ്ഥാപനത്തിലെ ഓഫീസ് റൂമിൻറെ സീലിങ് പ്രവർത്തി ചെയ്യുന്നതിനു ലഭ്യമായ ഭരണാനുമതി തുക അലോട്ട്മെൻറ് ലഭിച്ചതിനെ തുടർന്ന് തുക പൊതുമാരാമത് ഡെപ്പോസിറ്റ് ചെയ്യുകയും എന്നാൽ മെയിൻ ബിൽഡിങ്ങിലെ റൂഫിംഗ് വർക്ക് ചെയ്യാൻ കാലതാമസം നേരിട്ടതിനാൽ ഓഫീസ് റൂമിൻറെ സീലിങ് പ്രവർത്തികൾ ആരംഭിക്കാതെ കാലതാമസം നേരിട്ടത്തിനെ തുടർന്നു ജിഎസ് റ്റി നിരക്ക് 16 % ൽ നിന്നും 18% ആയി ഉയർന്നപ്പോൾ പ്രസ്തുത പ്രവർത്തി പൂർത്തിയാക്കുന്നതിനായി **2,35,000/-** രൂപയായി ഭർണാനുമതി തുക ഉയരുകയും ടി തുകയ്ക്കുള്ള പുതുക്കിയ ഭരണാനുമതിക്കായി സ്ഥാപനമേധാവി വായന (2) പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചു

വായന (3) പ്രകാരം പെരിന്തൽമണ്ണ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം അസിസ്റ്റൻറ് എഞ്ചിനീയർ സ്ഥാപനത്തിലെ ഓഫീസ് റൂമിൻറെ സീലിങ് പ്രവർത്തികൾ ചെയ്യുന്നതിനായി **2,35,000/-** (**രണ്ടു ലക്ഷത്തി മുപ്പത്തി അയ്യായിരം രൂപ** ) രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ പെരിന്തൽമണ്ണ പോളിടെക്നിക് കോളേജിലെ ഓഫീസ് റൂമിൻറെ സീലിങ് പ്രവർത്തികൾ ചെയ്യുന്നതിനായി **2,35,000/-** (**രണ്ടു ലക്ഷത്തി മുപ്പത്തി അയ്യായിരം രൂപ** ) രൂപയുടെ പുതുക്കിയ ഭരണാനുമതി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പ്രസ്തുത പ്രവർത്തി നിലവിലെ സർക്കാർ ചട്ടങ്ങൾ പാലിച്ച് ഡിപ്പോസിറ്റ് വർക്കായി ചെയ്യേണ്ടതും , പ്രസ്തുത പ്രവർത്തിയിന്മേലുള്ള പുരോഗതി സ്ഥാപനമേധാവി കൃത്യമായി പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. അല്ലാത്തപക്ഷം ടി പ്രവർത്തിയുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന എല്ലാവിധ കാലത്താമസ്സങ്ങൾക്കും സ്ഥാപനമേധാവി ഉത്തരവാദിയായിരിക്കും.

പ്രസ്തുത ചിലവിന് ആവശ്യയമായ തുക "2203-00-105-79-17 MW PLAN" ശീർഷകത്തിൽ വകയിരുത്തേണ്ടതാണ്.

**നിബന്ധനകൾ**

- ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരം സമയബന്ധിതമായി നിർമാണം പൂർത്തിയാക്കേണ്ടതാണ്.
- ഫീൽഡ് സ്ഥാപനവും നിർവാഹകണ ഏജൻസിയും സംയുകതമായി മൂന്നു മാസത്തിൽ

ഒരിക്കൽ, പ്രസ്തുത പ്രവർത്തി പൂർത്തിയാക്കുന്നത് വരെ അവലോകനം നടത്തേണ്ടതാണ്.

- പ്രവർത്തി പൂർത്തിയാക്കിയതിന് ശേഷം, ധന വിനിയോഗ സർട്ടിഫിക്കറ്റ്, പൂർത്തീകരണ സർട്ടിഫിക്കറ്റ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

ഒപ്പ് /-

ഡോ. രാജശ്രീ എം.എസ്
ഡയറക്ടർ (ഇൻ ചാർജ്)

സ്വീകർത്താവ്

1. പ്രിൻസിപ്പാൾ, സർക്കാർ പോളിടെക്നിക് കോളേജ്, പെരിന്തൽമണ്ണ .
2. അസിസ്റ്റൻറ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം, പെരിന്തൽമണ്ണ.
3. അക്കൌണ്ടൻറ് ജനറൽ (A&E), കേരള , തിരുവനന്തപുരം
4.സൂപ്രണ്ട്, ഫിൻ (A) സെക്ഷൻ
5.ഓഫീസ് പകർപ്പ്.

Approval Valid

Digitally Approved By
ഡോ. രാജശ്രീ എം.എസ്
Date: 05.12.2023
Reason: Approved

Draft #5 of File D4/51422/22/DTE Approved by Director (in-charge) on 05-Dec-2023 11:04 AM - Page 2

The document is digitally approved. Hence signature is not needed.